# കേരള സർക്കാർ

ധനകാര്യ (ജി.ഐ.എസ്.) വകുപ്പ്

## സർക്കുലർ

നമ്പർ 72/2014/ധന. *തിരുവനന്തപുരം, 2014 ജൂലൈ 31.*

വിഷയം:— ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം—വരിസംഖ്യ അടവാക്കൽ—നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:— (1) ജി. ഒ. (പി) നമ്പർ 26/2004/ധന. തീയതി 12-1-2004.

(2) സർക്കുലർ നമ്പർ 84/07/ധന. തീയതി 30-11-2007.

(3) ജി. ഒ. (പി) നമ്പർ 249/2010/ധന. തീയതി 21-4-2010.

ആയിരത്തിതൊള്ളായിരത്തി എൺപത്തിനാല് സെപ്റ്റംബർ ഒന്നാം തീയതിയോ അതിനുശേഷമോ സർക്കാർ സേവനത്തിൽ പ്രവേശിക്കുന്ന എല്ലാ ജീവനക്കാർക്കും ഗ്രൂപ്പ് ഇൻഷുറൻസ് അംഗത്വം നിർബന്ധമാക്കിയിട്ടുണ്ട്. സൂചന 3 പ്രകാരമുള്ള സർക്കാർ ഉത്തരവ് ഖണ്ഡിക 3(v) പ്രകാരം ഈ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ബാധകമാക്കിയിട്ടുള്ളതാണ്. ജീവനക്കാരിൽ നിന്നും യഥാസമയം കൃത്യമായി വരിസംഖ്യ ഈടാക്കി അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് ഉറപ്പാക്കുന്നതിന് ആദാന വിതരണ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

എന്നാൽ ആദാന വിതരണ ഉദ്യോഗസ്ഥരുടെയോ ബന്ധപ്പെട്ട ജീവനക്കാര്യം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെയോ വീഴ്ചമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും യഥാസമയം ഗ്രൂപ്പ് ഇൻഷുറൻസ് വരിസംഖ്യ ഈടാക്കി നിക്ഷേപം നടത്താത്തതുമൂലം സർക്കാരിന് പലപ്പോഴും കോടതി വ്യവഹാരങ്ങളിൽ ഭാഗമാകേണ്ടിവരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ സർക്കാർ ഉത്തരവ് അനുശാസിക്കുംവിധം പഞ്ചായത്ത്, മുനിസിപ്പാലിറ്റി തുടങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും അതുപോലെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ; യൂണിവേഴ്സിറ്റികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്നും യഥാസമയം ഈടാക്കുന്ന ഗ്രൂപ്പ് ഇൻഷുറൻസ് വരിസംഖ്യ കൃത്യമായും അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിൽ വീഴ്ച വരുത്തുന്നതുമൂലമുണ്ടാകുന്ന ബാദ്ധ്യത ആദാന വിതരണ ഉദ്യോഗസ്ഥരിൽ നിന്നോ ജീവനക്കാര്യം നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കുന്നതായിരിക്കുമെന്നും ബന്ധപ്പെട്ടവരുടെ വീഴ്ചമൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങളുടേയും ബാദ്ധ്യതകളുടെയും ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കുന്നതായിരിക്കില്ലെന്നും ഉള്ള നിർദ്ദേശം ഇതിനാൽ പുറപ്പെടുവിക്കുന്നു.

രാജേഷ് കുമാർ സിൻഹ,

*എക്സ്പെന്റിച്ചർ സെക്രട്ടറി (ധനകാര്യം).*

GCPT. 4/1256/2015/S-16.

പകർപ്പ്:

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.

എല്ലാ വകുപ്പ് മേധാവികൾക്കും ഓഫീസുകൾക്കും.

സെക്രട്ടേറിയറ്റിലെ എല്ലാ സെക്ഷനുകൾക്കും.

ഇൻഷുറൻസ് ഡയറക്ടർ, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള, കൊച്ചി, കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകൾ (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, ശ്രീശങ്കര സംസ്കൃത സർവ്വകലാശാല, കാലടി (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

എല്ലാ എയ്ഡഡ് സ്കൂളുകൾ/കോളേജുകൾ/സർവ്വകലാശാലകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/മറ്റ് അർദ്ധ സർക്കാർ സ്ഥാപനങ്ങൾ.

എല്ലാ ഗവൺമെന്റ് സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ.

മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിക്ക്.

സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഗവർണ്ണറുടെ സെക്രട്ടറിക്ക്.

മുഖ്യ വിവരാവകാശ കമ്മീഷണർ (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ. (ഫിനാൻസ്).

നോഡൽ ഓഫീസർ, www.finance.kerala.gov.in.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.